**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 7907 — 16.07.2014-ലെ മറുപടിയ്ക്ക്

## സഹകരണ സംഘങ്ങളുടെ ഓഡിറ്റിംഗിൽ മാറ്റം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.പി.മുഹമ്മദ്<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, ആർ.സെൽവരാജ്<br>,, കെ.മുരളീധരൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) | |
| (എ) | 97-ാം ഭരണഘടനാ ഭേദഗതി നിയമപ്രകാരം സഹകരണ സംഘങ്ങളുടെ ഓഡിറ്റിൽ എന്ത് മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സഹകരണ സംഘങ്ങളുടെ ആഡിറ്റ് എല്ലാ സാമ്പത്തിക വർഷവും നടത്തുന്നതിനും, സഹകരണ സംഘങ്ങളുടെ ആഡിറ്റ് നടത്തുന്ന ആഡിറ്റർമാരുടെയും, ആഡിറ്റ് ഫേംസിന്റെയും യോഗ്യതയും പ്രവർത്തി പരിചയവും സംബന്ധിച്ചും സംസ്ഥാനങ്ങളിൽ നിയമനിർമ്മാണം നടത്തണമെന്നും, എല്ലാ സഹകരണ സംഘങ്ങളുടെയും ആഡിറ്റ് പൊതുയോഗം നിയമിക്കുന്ന ആഡിറ്ററോ ആഡിറ്റ് ഫേംസോ നടത്തണമെന്നും, സംസ്ഥാന സർക്കാരോ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തുന്ന അതോറിറ്റിയോ തയ്യാറാക്കി നൽകുന്ന ആഡിറ്റർമാരുടെയും ആഡിറ്റ് ഫേംസിന്റെയോ പാനലിൽ നിന്ന് ആഡിറ്റർമാരെ നിയമിക്കണമെന്നും, |

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനുള്ളിൽ ആഡിറ്റ് പൂർത്തീകരിക്കണമെന്നും, അപ്പെക്സ് സ്ഥാപനങ്ങളുടെ ആഡിറ്റ് റിപ്പോർട്ടും അക്കൗണ്ടുകളും സംസ്ഥാന നിയമസഭയിൽ വയ്ക്കണമെന്നും 97-ാം ഭരണഘടനാ ഭേദഗതി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരം സംസ്ഥാനത്ത് സഹകരണ ഓഡിറ്റ് സംവിധാനത്തിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | 97-ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. അപ്പെക്സ് സ്ഥാപനങ്ങളിൽ ചാർട്ടേർഡ് അക്കൗണ്ടന്റുമാർ Financial Audit നടത്തുകയും സഹകരണ വകുപ്പിലെ ആഡിറ്റർ Administrative Audit നടത്തുകയും ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മറ്റ് സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിന് ആഡിറ്റർമാരുടെ പാനൽ സഹകരണ ആഡിറ്റ് ഡയറക്ടർ തയ്യാറാക്കി നൽകുകയും സംഘം പൊതുയോഗം ടി പാനലിൽ നിന്ന് ആഡിറ്റർമാരെ തെരഞ്ഞെടുക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമ ഭേദഗതിക്കനുസരണമായി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | സഹകരണ മേഖലയിലെ അപ്പക്സ് സ്ഥാപനങ്ങളിൽ ഓഡിറ്റ് കുടിശ്ശികയുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) | കൺസ്യൂമർ ഫെഡിന്റെ 2012-13 വർഷത്തെ ആഡിറ്റും, കാപ്പക്സിന്റെ 1997-98 വർഷം മുതലുള്ള 15 വർഷത്തെ ആഡിറ്റും കുടിശ്ശികയാണ്. മറ്റൊരു അപ്പെക്സ് സഹകരണ സ്ഥാപനത്തിലും ആഡിറ്റ് കുടിശ്ശികയില്ല. എന്നാൽ 2012-13 വർഷത്തെ ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ Financial Audit കുടിശ്ശികയാണ്. ചാർട്ടേർഡ് അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ